DESHABHIMANI DAILY DATED 27-12-2015

► കെഎസ്എഫ്ഇയിലെ മറിമായം

# 16 ലക്ഷത്തിന്റെ വസ്തുവിന് 52 ലക്ഷം പരസ്യത്തിന് 246 കോടി

• കെ ശ്രീകണ്ഠൻ

**തിരുവനന്തപുരം** > നാല് വർഷത്തിനിടെ പരസ്യത്തിനും ബിസിനസ് പ്രൊമോഷനുമായി 246 കോടി ചെലവഴിച്ചതായി കെഎസ്എഫ്ഇയുടെ കണക്ക്. കട്ടപ്പനയിൽ തഹസിൽദാർ 16 ലക്ഷം രൂപ വില നിശ്ചയിച്ച വസ്തു ലേലത്തിൽ പിടിച്ചത് 52 ലക്ഷത്തിന്. ധനവകുപ്പിന് കീഴിലുള്ള കെഎസ്എഫ്ഇയിലെ അഴിമതിയുടെ കൂടുതൽ വിവരങ്ങൾ പുറത്തായി.

ബിസിനസ് പ്രൊമോഷൻ ഹെഡിലാണ് പരസ്യത്തിനും മറ്റും 246 കോടി രൂപ ചെലവ് ഉൾപ്പെടുത്തിയത്. എൽഡിഎഫ് സർക്കാരിന്റെ കാലത്ത് അഞ്ചു വർഷം ഈ ഇനത്തിൽ 19 കോടി രൂപയാണ് മൊത്തം ചെലവഴിച്ചത്. 2010-11ലെ വാർഷിക റിപ്പോർട്ടിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്. വിശേഷ അവസരങ്ങളിൽ പ്രത്യേക ഹ്രസ്വചിത്രം നിർമിച്ചതിന് വൻ തുക ചെലവഴിച്ചതായാണ് രേഖ. പൊതുമേഖലാസ്ഥാപനമായ സി-ഡിറ്റിനെ നോഡൽ ഏജൻസിയായി നിശ്ചയിച്ചശേഷം സ്വകാര്യ ഏജൻസി വഴിയാണ് പരസ്യചിത്രങ്ങൾ തയ്യാറാക്കിയത്. കോർപറേറ്റ് ഓഫീസ് നേരിട്ടാണ് ഇതു സംബന്ധിച്ച കാര്യങ്ങൾ നിയന്ത്രിച്ചത്.

കട്ടപ്പനയിൽ കേരള കോൺഗ്രസ് എംഎൽഎയുടെ നിയന്ത്രണത്തിലുള്ള സഹകരണസംഘം ലേലത്തിന് വച്ച എട്ടര സെന്റ് വസ്തുവാണ് 52 ലക്ഷം രൂപയ്ക്ക് കെഎസ്എഫ്ഇ വാങ്ങിയത്. സെന്റിന് 2.5 ലക്ഷം രൂപ പരമാവധി വിലയുള്ള ഭൂമിയാണ് വൻതുകയ്ക്ക് വാങ്ങിയത്.

• വിശേഷ അവസരങ്ങളിൽ പ്രത്യേക ഹ്രസ്വചിത്രം നിർമിച്ചതിന് വൻ തുക ചെലവഴിച്ചതായാണ് രേഖ. പൊതുമേഖലാസ്ഥാപനമായ സി-ഡിറ്റിനെ നോഡൽ ഏജൻസിയായി നിശ്ചയിച്ച ശേഷം സ്വകാര്യ ഏജൻസി വഴിയാണ്

• പരസ്യചിത്രങ്ങൾ തയ്യാറാക്കിയത്

ഓപ്പൺ ടെൻഡറിൽ 25 ലക്ഷം രൂപ ക്വാട്ട് ചെയ്ത സ്ഥാനത്താണ് 52 ലക്ഷം രൂപയ്ക്ക് ലേലം ഉറപ്പിച്ചത്. മൂല്യനിർണയം നടത്തിയ തഹസിൽദാർ ഈ വസ്തുവിന് മൊത്തം 16 ലക്ഷം രൂപയാണ് വിലയിട്ടത്.

കെഎസ്എഫ്ഇയിലെ അഴിമതി സംബന്ധിച്ച് വിശദാംശങ്ങൾ മുഖ്യമന്ത്രിയുടെ ഓഫീസ് ശേഖരിച്ചുവരികയാണ്. ബാർ കോഴയെ വെല്ലുന്ന അഴിമതിയാണ് ധനവകുപ്പിന് കീഴിലുള്ള ഈ സ്ഥാപനത്തിൽ നടത്തിയത്. മാനേജിങ് ഡയറക്ടർ പി രാജേന്ദ്രൻ അവധിയിൽ പ്രവേശിച്ചു. ശനിയാഴ്ച കണ്ണൂരിൽ ജീവനക്കാരുടെ സംഘടനകളുമായി മാനേജ്മെന്റ് നടത്തിയ ഉഭയകക്ഷി ചർച്ചയിൽ എംഡി പങ്കെടുത്തില്ല. നാല് വർഷമായി ഇന്റേണൽ ഓഡിറ്റിങ് നിർത്തിവച്ചിരിക്കുകയാണ്. വാർഷിക കണക്ക് ഓഡിറ്റ് കമ്പനി സർട്ടിഫൈ ചെയ്യുന്നതിനാൽ ഇന്റേണൽ ഓഡിറ്റ് ആവശ്യമില്ലെന്നായിരുന്നു കേരള കോൺഗ്രസ് നോമിനിയായ ചെയർമാൻ ഉൾപ്പെടെയുള്ള ബോർഡിന്റെ തീരുമാനം. 2011-12ന് ശേഷം കമ്പനിയുടെ വാർഷിക റിപ്പോർട്ടും പ്രസിദ്ധീകരിച്ചിട്ടില്ല.

ഇതിനിടെ ഊഹക്കണക്കിലൂടെ ലാഭനികുതി കണക്കാക്കി കേന്ദ്ര -സംസ്ഥാന സർക്കാരുകളെ കബളിപ്പിച്ച് കെഎസ്എഫ്ഇക്ക് 100 കോടി രൂപയുടെ നഷ്ടമുണ്ടാക്കിയതിൽ എംഡിയുടെ പങ്കും പുറത്തുവന്നു. ഈ സംഭവത്തിൽ ഫിനാൻസ് മാനേജർ ശരത്ചന്ദ്രനെ പുറത്താക്കിയിരുന്നു. കൂട്ടുപ്രതിയാകേണ്ടിയിരുന്ന രാജേന്ദ്രനെ എംഡി ഇൻചാർജജായി നിലനിർത്തി.

കോർബാങ്കിങ് നടപ്പാക്കുന്നതിന് കരാർ നൽകിയതിൽ കോടികളുടെ തിരിമറിയാണ് നടത്തിയത്. സ്വകാര്യ ഏജൻസികൾക്കാണ് ഇതിന്റെ കരാർ നൽകിയത്. സോഫ്ട്വെയർ വികസിപ്പിച്ച സ്വകാര്യ കമ്പനിയായ ‘നെസ്റ്റി’ന് ആദ്യം 2.5 കോടി രൂപയ്ക്ക് കരാർ നൽകി. 7.5 കോടി രൂപകൂടി വേണമെന്ന് ആവശ്യപ്പെട്ട് നെസ്റ്റ് നൽകിയ കത്ത് തിങ്കളാഴ്ച ഡയറക്ടർ ബോർഡിന്റെ പരിഗണനയ്ക്ക് വച്ചിരിക്കയാണ്. കേരള കോൺഗ്രസ് നേതൃത്വം ഇടപെട്ടാണ് ഈ വഴിവിട്ട നീക്കം.